**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 370** **16-09-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ പി.എം.ജി. എസ്.വൈ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെട്ടതും പി.എം.ജി.എസ്. വൈ. പദ്ധതി പ്രകാരം നടപ്പിലാക്കുന്നതുമായ കുണ്ടുവംപാടം വടശേരി റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കുണ്ടുവംപാടം-വടശേരി റോഡിന്റെ ചെയിനേജ് 3/760 മുതൽ 7/952 വരെയുള്ള ഭാഗത്ത് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ചെയിനേജ് 0/000 മുതൽ 3/760 വരെയുള്ള ഭാഗത്ത് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പ്രവൃത്തി ചെയ്യാനുണ്ടായിരുന്നതിനാൽ റോഡ് നിർമ്മാണത്തിന് സാധിച്ചിരുന്നില്ല. അതിനാൽ ടി ഭാഗത്തെ പ്രവൃത്തി ചെയ്യുന്നതിൽ നിന്ന് കരാറുകാരന്റെ ബാധ്യതയും ചെലവും ഒഴിവാക്കി കരാർ റദ്ദ് ചെയ്ത് നൽകിയിരുന്നു. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിച്ചതിനാൽ ടി റോഡിന്റെ ബാലൻസ് പ്രവൃത്തികൾ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ടുതവണ ടെണ്ടർ ക്ഷണിച്ചിട്ടും ടെണ്ടർ ലഭിക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും അതിലും ക്വട്ടേഷൻ ലഭിക്കാത്തതിനാൽ റീ-ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് നവീകരണപ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | കോങ്ങാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കുണ്ടുവംപാടം-വടശേരി റോഡിന്റെ ചെയിനേജ് 3/760 മുതൽ 7/952 വരെയുള്ള ഭാഗത്ത് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ചെയിനേജ് 0/000 മുതൽ 3/760 വരെയുള്ള ഭാഗത്ത് കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പ്രവൃത്തി ചെയ്യാനുണ്ടായിരുന്നതിനാൽ റോഡ് നിർമ്മാണത്തിന് സാധിച്ചിരുന്നില്ല. അതിനാൽ ടി ഭാഗത്തെ പ്രവൃത്തി ചെയ്യുന്നതിൽ നിന്ന് കരാറുകാരന്റെ ബാധ്യതയും ചെലവും ഒഴിവാക്കി കരാർ റദ്ദ് ചെയ്ത് നൽകിയിരുന്നു. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചതിനാൽ ടി റോഡിന്റെ ബാലൻസ് പ്രവൃത്തികൾ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ടുതവണ ടെണ്ടർ ക്ഷണിച്ചിട്ടും ടെണ്ടർ ലഭിക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും അതിലും ക്വട്ടേഷൻ ലഭിക്കാത്തതിനാൽ റീ-ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ